# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1660 — 10/02/2020-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം നഗരസഭയിൽ നിന്നും ഭരണാനുമതി ലഭിക്കാനുള്ള കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27.02.2016 ൽ ഭരണാനുമതി നൽകിയിരുന്നോ; | എ), ബി), സി) & ഡി) | 27.02.2016 ലെ സ.ഉ(സാധാ) നം. 910/16/ത.സ്വ.ഭ.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 06.06.2019 ലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ II (20) പ്രകാരം സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദ ബസ്ഷെൽട്ടർ നിർമ്മാണ പ്രോജക്ട് നിലവിലുള്ളതിനാൽ, ഇരട്ടിപ്പുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചതിനു ശേഷം ടി വിഷയം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഭരണാനുമതി നൽകി മൂന്നരവർഷം പിന്നിട്ടിട്ടും നഗരസഭയിൽനിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 27.02.2016 ൽ നഗരസഭയ്ക്ക് ഉത്തരവിന്റെ പകർപ്പ് സർക്കാർ കൈമാറിയിട്ടും മൂന്നരവർഷങ്ങൾക്കുശേഷവും തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതിലെ കാരണങ്ങൾ വ്യക്തമാക്കുമോ; | | |
| സി) | ഇപ്രകാരം നടപടികൾ വൈകുന്നതുകൊണ്ട് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭിക്കാതെ പോകുകയും തുക ലാപ്സായി പോകുകയും | | |

| | | | |
|---|---|---|---|
| | ചെയ്യാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനായി നഗരസഭയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ